## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4884 21.10.2011 -ൽ മറുപടിയ്ക്ക്

## വനവൽക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ.എസ്. സലീഖ | | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) | കൈയേറ്റം കൊണ്ടും അല്ലാതെ യുമായി കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ നശിച്ചുപോയ വന വിസ്തൃതി എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; | എ) ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ 2001 വർഷത്തെ റിപ്പോർട്ടിൽ കേരളത്തിലെ വനമേഖലയിലെ വിസ്തൃതി 15560 സ്ക്വയർ കിലോ മീറ്ററായും 2009 വർഷത്തെ റിപ്പോർട്ടിൽ 17324 സ്ക്വയർ കിലോ മീറ്ററായും തിട്ടപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ പ്രകാരം കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കേരളത്തിലെ വന മേഖലയുടെ വിസ്തൃതിയിൽ 1764 സ്ക്വയർ കിലോ മീറ്ററിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പുതുതായി ഭൂമി വനമേഖലയോട് ചേർത്തത് മൂലവും കൈയ്യേറ്റം കൊണ്ടും അല്ലാതെയുമായി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ക്ഷയോന്മുഖ/ശോഷിച്ച വനമേഖലയുടെ വിസ്തൃതി വർദ്ധിച്ചതായാണ് ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ കണക്കാക്കിയിട്ടുള്ളത്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ' കണക്കുകൾ പ്രകാരം കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ക്ഷയോന്മുഖ/ശോഷിച്ച വനത്തിന്റെ വിസ്തൃതി 2683 സ്ക്വയർ കിലോ മീറ്ററായി കണക്കാക്കിയിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ ഇവ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) ചോദ്യം (എ) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| സി) | എങ്കിൽ ഇതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | സി) ക്ഷയോന്മുഖ/ശോഷിച്ച വനങ്ങൾ പുനരുദ്ധരിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ വനവത്ക്കരണ |

| | | | |
|---|---|---|---|
| | | | പദ്ധതി, ഗ്രീനിംഗ് ഇന്ത്യ പദ്ധതി, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് സഹായത്തോടുള്ള ഔഷധത്തോട്ട പദ്ധതി എന്നിവയ്ക്ക് പുറമേ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ക്ഷയോന്മുഖമായ വനങ്ങളുടെ പുനരുദ്ധാരണ പദ്ധതിയും സാമൂഹ്യ വന വത്ക്കരണ പദ്ധതികളും തുടർന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ഡി) | വനവൽക്കരണ പദ്ധതികളിൽ സന്നദ്ധരായ ജനങ്ങളെക്കുടി ഉൾപ്പെടുത്താൻ നടപടി സ്വീകരി ക്കുമോ? | ഡി) | വന സംരക്ഷണ സമിതികൾ മുഖേന നടപ്പിലാക്കുന്ന വന വത്ക്കരണ പദ്ധതികളിൽ വനം സംരക്ഷണ സമിതി വഴി സന്നദ്ധരായ ജനങ്ങളെക്കൂടി ഉൾപ്പെടുത്തി വരുന്നുണ്ട്. സാമൂഹ്യ വന വത്ക്കരണ പരിപാടികളിൽ സന്നദ്ധരായ എല്ലാ ജന വിഭാഗങ്ങളെയും സ്ക്കൂൾ കോളേജ് വിദ്യാർത്ഥികളെയും സന്നദ്ധ സംഘടനകളേയും മത സ്ഥാപനങ്ങളേയും യുവജന സംഘടനകളേയും പത്ര മാധ്യമങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ടാണ് പദ്ധതി നടപ്പാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ